**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1540** **14-03-2022 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ പൈതൃക പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | null<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ പൈതൃക പദ്ധതിയുടെ ഭാഗമായി ആലപ്പുഴയിൽ പുതിയ കടൽപ്പാലം നിർമ്മിക്കുവാനുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (എ) | ആലപ്പുഴ പൈതൃക പദ്ധതിയുടെ ഭാഗമായുള്ള കടൽപ്പാലം നിർമ്മാണം, കിഫ്ബിയുടെ സഹായത്തോടെ മുസിരിസ് പ്രോജക്റ്റ് ലിമിറ്റഡാണ് നടത്തിവരുന്നത്. ഇതിന്റെ ഭാഗമായി സോയിൽ ടെസ്റ്റിംഗ് നടപടികൾ പൂർത്തീകരിച്ചതായി മുസിരിസ് പ്രോജക്റ്റ് ലിമിറ്റഡ് അറിയിച്ചിട്ടുണ്ട്. |
| (ബി) | മുസിരിസ് പൈതൃകസംരക്ഷണ പദ്ധതിയുടെ ഭാഗമായി ആലപ്പുഴ ബീച്ചിൽ സ്ഥാപിക്കപ്പെട്ട കപ്പലിന്റെ അനുബന്ധമായി നടത്തേണ്ട പ്രവർത്തനങ്ങൾക്ക് തുറമുഖ വകുപ്പിന്റെ ഭാഗത്ത് നിന്ന് ഏതെങ്കിലും തടസങ്ങൾ ഉണ്ടായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | തുറമുഖ വകുപ്പിന്റെ ഭാഗത്തുനിന്നും തടസ്സങ്ങൾ ഒന്നും തന്നെയില്ല. |
| (സി) | ആലപ്പുഴ ജില്ലയിൽ ഏതെല്ലാം കെട്ടിടങ്ങളാണ് പുരാവസ്തു വിഭാഗത്തിൽ ഉൾപ്പെടുത്തി ഏറ്റെടുത്തിട്ടുള്ളത്; ഇത്തരം കെട്ടിടങ്ങൾ നശിച്ച് പോകാതിരിക്കുവാനും സംരക്ഷിക്കുന്നതിനും എന്തെല്ലാം പ്രവർത്തനങ്ങളാണ് പുരാവസ്തു വകുപ്പ് നടത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ? | (സി) | ആലപ്പുഴ ജില്ലയിൽ കേരള പുരാവസ്തു വകുപ്പിന് പതിമൂന്നു സംരക്ഷിത സ്മാരകങ്ങൾ ആണ് ഉള്ളത്. ഇവയിൽ കെട്ടിടങ്ങൾ/ നിർമ്മിതികൾ താഴെ പറയുന്നവയാണ്. (1) ശ്രീ കുമാരമംഗലം സുബ്രമണ്യ സ്വാമി ക്ഷേത്രം, മുതവഴി, ആലപ്പുഴ (2) ശ്രീ നരസിംഹ ക്ഷേത്രം, ചാത്തൻകുളങ്ങര (3) കൃഷ്ണപുരം പാലസ്, കൃഷ്ണപുരം, ആലപ്പുഴ (4) ശ്രീ കാർത്യായനി ക്ഷേത്രം, കുട്ടംപേരൂർ ആലപ്പുഴ (5) വാരനാട് നടുവിലെ കോവിലകം, ചേർത്തല, ആലപ്പുഴ (6) സെന്റ് റാഫേൽ പള്ളി, എഴുപ്പുന്ന, ആലപ്പുഴ. (7) തൃക്കുരട്ടി ശ്രീ മഹാദേവ ക്ഷേത്രം, മാന്നാർ, ആലപ്പുഴ. സംരക്ഷിത സ്മാരകങ്ങളായ കെട്ടിടങ്ങൾ വകുപ്പിലെ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർ നിശ്ചിത ഇടവേളകളിൽ പരിശോധിക്കുകയും പരിശോധനയിലും അല്ലാതെയും ശ്രദ്ധയിൽപെടുന്ന ജീർണ്ണതകൾ പരിഹരിക്കുന്നതിന് ആവശ്യമാകുന്ന പക്ഷം ഘടനാസംരക്ഷണ, രാസസംരക്ഷണ ജോലികൾ നിർവ്വഹിക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ ജീർണ്ണത ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന്, മുതവഴി ശ്രീ |

| | | | |
|---|---|---|---|
| | | | കുമാരമംഗലം ക്ഷേത്രത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ 60 ലക്ഷം രൂപയുടെ ഘടനാ സംരക്ഷണ പ്രവൃത്തികളും വാരനാട് കോവിലകത്ത് 41,42,786/- രൂപയുടെ സംരക്ഷണ പ്രവൃത്തികളും ശ്രീ. നരസിംഹ ക്ഷേത്രത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ 13,71,189/- രൂപയുടെ സംരക്ഷണ പ്രവൃത്തികളും നിർവ്വഹിക്കുകയുണ്ടായി. കൂടാതെ കായംകുളം കൃഷ്ണപുരം കൊട്ടാരത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ 49,75,324/- രൂപയുടെ സംരക്ഷണ പരിസര വികസന പ്രവൃത്തികളും നിർവ്വഹിക്കുകയുണ്ടായി. സെന്റ് റാഫേൽ പള്ളിയിൽ 2020-21 സാമ്പത്തിക വർഷം രാസസംരക്ഷണ പ്രവൃത്തികളും നിർവ്വഹിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ